**പതിനാലാം കേരള നിയമസഭ**

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: **2368.**

**07-10-2016 ൽ മറുപടിയ്ക്ക്**

**നെല്ല്, പച്ചക്കറി ഉൽപ്പാദനത്തിൽ സ്വയംപര്യാപ്തത**

**ചോദ്യം**

ശ്രീ.കെ.വി.വിജയദാസ്

**മറുപടി**

ശ്രീ. വി.എസ്. സുനിൽകുമാർ
(കൃഷി വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | നെല്ല്, പച്ചക്കറി എന്നിവയുടെ ഉൽപ്പാദനത്തിൽ കേരളം നിലവിൽ സ്വയംപര്യാപ്ത സംസ്ഥാനമാണോ; എങ്കിൽ വിശദാംശം നൽകുമോ; | (എ) | അല്ല.<br><br>**നെല്ല്**<br>നെല്ലുല്പാദനത്തിൽ കേരളം സ്വയംപര്യാപ്തത മല്ല. സംസ്ഥാനത്ത് 1970 കളിൽ 8.5 ലക്ഷം ഹെക്ടർ നെൽകൃഷിയുണ്ടായിരുന്നത് വർഷം തോറും കുറഞ്ഞു കുറഞ്ഞു ഇപ്പോൾ 2 ലക്ഷം ഹെക്ടറിൽ താഴെയായിരിക്കുന്നു. കേരള ത്തിലെ ജനസംഖ്യാ കണക്കുപ്രകാരം ഏകദേശം 40 ലക്ഷം മെട്രിക് ടൺ അരി സംസ്ഥാനത്ത് ആവശ്യമായുണ്ട്. എന്നാൽ ആഭ്യന്തര ഉൽപ്പാദനം 20 ശതമാനത്തിൽ താഴെയാണ്. കേരളത്തിന്റെ പ്രത്യേക സാമൂഹിക പശ്ചാത്തലത്തിൽ കൃഷി ചെയ്തുവന്നിരുന്ന അത്രയും സ്ഥലങ്ങൾ തിരിച്ചുകൊണ്ടുവന്ന് സ്വയംപര്യാപ്തതയിൽ എത്തിച്ചേരുക എന്നത് വളരെ ബുദ്ധിമുട്ടേറിയ കാര്യമാണ്. ആയതിനാൽ പരമാവധി വർദ്ധിപ്പിക്കാൻ സാധിക്കുന്ന വിസ്തീർണം കൂട്ടിയും നിലവിലുള്ളത് സംരക്ഷിച്ചും നെല്ലിന്റെ ഉൽപ്പാദനക്ഷമത വർദ്ധിപ്പിച്ചും അരിയുടെ ആകെ ഉൽപ്പാദനം ഘട്ടം ഘട്ടമായി വർദ്ധിപ്പിക്കുന്നതാണ്.<br><br>**പച്ചക്കറി**<br>ഇക്കഴിഞ്ഞ ഓണക്കാലത്ത് സംസ്ഥാനത്ത് ആവശ്യമായിവന്ന 4873 ടൺ പച്ചക്കറിയിൽ 3042 ടൺ പച്ചക്കറിയും കേരളത്തിലെ കർഷകർ ഉൽപ്പാദിപ്പിച്ചതാണ്. പച്ചക്കറി ഉൽപ്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനായി നിലവിൽ സമഗ്ര |

| | | | |
|---|---|---|---|
| | | | പച്ചക്കറി വികസന പദ്ധതി നടപ്പിലാക്കി വരുന്നു. |
| (ബി) | ഇല്ലെങ്കിൽ ഇക്കാര്യത്തിൽ സ്വയം പര്യാപ്തത കൈവരിക്കുന്നതിന് സമയബന്ധിതമായ കർമ്മ പദ്ധതികൾ നടപ്പിലാക്കുമോ; ഇതിലേയ്ക്കായി എന്തെങ്കിലും മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദവിവരം നൽകുമോ; | (ബി) | **I) നെല്ല്**<br>1192 ചിങ്ങം 1 മുതൽ 1193 ചിങ്ങം 1 വരെയുള്ള ഒരു വർഷം നെല്ലിന്റെ വർഷമായി സംസ്ഥാന സർക്കാർ പ്രഖ്യാപിച്ചിരിക്കുകയാണ്. "നമ്മുടെ നെല്ല് നമ്മുടെ അന്നം" എന്ന ആശയത്തിന്റെ അടിസ്ഥാനത്തിൽ നെൽകൃഷി മേഖലയിൽ 100 പ്രവർത്തനങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. 2017 ഓണക്കാലത്ത് കേരളത്തിലെ ജനങ്ങൾക്ക്, സംസ്ഥാനത്ത് തന്നെ ഉൽപ്പാദിപ്പിച്ച അരി നൽകുക എന്ന ലക്ഷ്യത്തോടെ ഒരോ ജില്ലയിലും നെൽകൃഷി മേഖലയിൽ 100 പ്രവർത്തനങ്ങൾ വീതം തുടങ്ങുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ട്. സ്കൂൾ ക്ലബ്ബുകൾ, യുവജന ക്ലബ്ബുകൾ, സർക്കാരിതര സംഘടനകൾ, പഞ്ചായത്തുകൾ, അസോസിയേഷനുകൾ, വനിതാ ഗ്രൂപ്പുകൾ, പാടശേഖര സമിതികൾ, സ്വാശ്രയ സംഘങ്ങൾ മുതലായവ മുഖേന നിലവിലെ നെൽകൃഷിയിടങ്ങൾ പരിരക്ഷിക്കുന്നതിനും, വാണിജ്യപരമായും വീടുകളോടനുബന്ധിച്ചും നഗരങ്ങളിലും നെൽകൃഷി പ്രോൽസാഹി പ്പിക്കുന്നതിനും അതുവഴി അധികോൽപ്പാദനം സാധ്യമാക്കുന്നതിനും സർക്കാർ ലക്ഷ്യമിടുന്നു. നെൽകൃഷി നടത്തുന്ന ഭൂമിയുടെ വിസ്തൃതി 3 ലക്ഷം ഹെക്ടറായി വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ലഭ്യമായ എല്ലാ കരനെൽപ്രദേശങ്ങളിലും കരനെൽകൃഷി വ്യാപിപ്പിക്കുന്നതിനും തരിശ് കിടക്കുന്ന എല്ലാ പാടശേഖരങ്ങളിലും നെൽകൃഷി പുനരാരംഭിക്കുന്നതിനും നടപടികൾ സ്വീകരിച്ചു വരുന്നു. ഇതിനു പുറമെ കൃഷിയോഗ്യമായ തരിശു ഭൂമികൾ മാപ്പിംഗ് നടത്തി കൃഷി ചെയ്യുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. 2017 ഓണക്കാലത്ത് കേരളത്തിലെ ജനങ്ങൾക്ക്, സംസ്ഥാനത്ത് തന്നെ ഉൽപ്പാദിച്ച അരി നൽകുന്നതിനും സ്കൂൾ ക്ലബ്ബുകൾ, യുവജന ക്ലബ്ബുകൾ, സർക്കാരിതര സംഘടനകൾ, പഞ്ചായത്തുകൾ, അസോസിയേഷനുകൾ, വനിതാ ഗ്രൂപ്പുകൾ, പാടശേഖര സമിതികൾ, സ്വാശ്രയ സംഘങ്ങൾ |

മുതലായവ മുഖേന നിലവിലെ നെൽകൃഷിയിടങ്ങൾ പരിരക്ഷിക്കുന്നതിനും, വാണിജ്യപരമായും വീട്ടുകളോടനുബന്ധിച്ചും നഗരങ്ങളിലും നെൽകൃഷി പ്രോൽസാഹിപ്പിക്കുന്നതിനും അതുവഴി അധികോൽപ്പാദനം സാധ്യമാക്കുന്നതിനും സർക്കാർ ലക്ഷ്യമിടുന്നു.

നെൽകൃഷി മേഖലയിൽ പുതിയ ഉണർവ്വ് സൃഷ്ടിച്ച് ആഭ്യന്തരമായി ഉൽപ്പാദിപ്പിച്ച അരി ഉപയോഗിക്കുന്നതിന് ഊന്നൽ നൽകിക്കൊണ്ട് അനുബന്ധമേഖലകളെ പ്രോത്സാഹിപ്പിക്കുന്നതിന് 2016 ഓണം മുതൽ 2017 ഓണം വരെയുള്ള കാലയളവ് നെൽവർഷമായി ആചരിക്കുവാൻ സർക്കാർ ഉത്തരവ് നമ്പർ 124/2016/കൃഷി തീയതി 11/08/2016 പ്രകാരം ഉത്തരവായിട്ടുണ്ട്.

നെൽകൃഷിയുടെ വിസ്തീർണം, ഉൽപ്പാദനക്ഷമത എന്നിവ വർദ്ധിപ്പിക്കുന്നതിനായി സംസ്ഥാന സർക്കാർ താഴെ വിവരിച്ചിട്ടുള്ള നെൽകൃഷി വികസന പദ്ധതികൾ ആസൂത്രണംചെയ്തു നടപ്പിലാക്കിവരുന്നു.

**1. സുസ്ഥിര നെൽകൃഷി വികസനം-**

ഈ പദ്ധതി പ്രകാരം ഹെക്ടറൊന്നിന് ഉൽപ്പാദനോപാധികളുടെ ചെലവിനായി 1500/- രൂപ സബ്സിഡി നിരക്കിൽ 180000 ഹെക്ടർ സ്ഥലത്തേക്ക് 2700 ലക്ഷം രൂപ വകയിരുത്തി പദ്ധതി നടപ്പിലാക്കി വരുന്നു.

**2. വികസന ഏജൻസികൾക്കുള്ള ഫണ്ട്-**

നെൽകൃഷി അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനായി 11 നെൽകൃഷി വികസന ഏജൻസികൾക്കായി 150 ലക്ഷം രൂപ വകയിരുത്തി പദ്ധതി നടപ്പിലാക്കുന്നു.

**3. പ്രത്യേക നെല്ലിനങ്ങളുടെ കൃഷിക്കുള്ള പ്രോൽസാഹനം-**

പ്രത്യേക നെല്ലിനങ്ങളുടെ (പൊക്കാളി, ഞവര, ജീരകശാല & ഗന്ധകശാല രക്തശാലി, ബസ്മതി) എന്നിവയുടെ കൃഷി പ്രോൽസാഹനത്തിനായി ഹെക്ടറിന് 10000/- രൂപ സബ്സിഡി നിരക്കിൽ 1500 ഹെക്ടറിന്

| | | |
|---|---|---|
| | | (ആലപ്പുഴ, തൃശ്ശൂർ, എറണാകുളം, പാലക്കാട്, വയനാട്, കണ്ണൂർ) 150 ലക്ഷം രൂപ വകയിരുത്തി പദ്ധതി നടപ്പിലാക്കിവരുന്നു.<br><br>**4. പാടശേഖരസമിതികളുടെ പ്രവർത്തന ചെലവിനായുള്ള പദ്ധതി-**<br>പാടശേഖര സമിതികളുടെ പ്രവർത്തന ചെലവിനായി ഹെക്ടറിന് 360 രൂപ ക്രമത്തിൽ 450 ലക്ഷം രൂപ 1,25,000 ഹെക്ടർ പ്രദേശത്തേക്ക് പദ്ധതി നടപ്പിലാക്കിവരുന്നു.<br><br>**5. കരനെൽകൃഷി വികസനം-**<br>സംസ്ഥാനത്ത് കരനെൽകൃഷി പ്രോൽസാഹിപ്പിക്കുന്നതിനായി 2560 ഹെക്ടർ സ്ഥലത്ത് (ഹെക്ടറിന് 13600/- രൂപ സബ്സിഡി) ആകെ 348.16 ലക്ഷം രൂപ നൽകി പദ്ധതി നടപ്പിലാക്കി വരുന്നു.<br><br>**6. നെൽകൃഷി ഉല്പാദന ബോണസ് (നോൺ പ്ലാൻ)-**<br>നെൽ കർഷകർക്ക് ഉൽപാദന ബോണസായി ഹെക്ടറിന് 1000 രൂപ ഒരു സീസണിൽ എന്ന കണക്കിന് നൽകുന്നതിനായി 1243.44 ലക്ഷം രൂപ വകയിരുത്തി പദ്ധതി നടപ്പിലാക്കുന്നു.<br><br>**7. കാർഷിക സൗജന്യ വൈദ്യുതി പദ്ധതി (നോൺ പ്ലാൻ)-**<br>നെൽകൃഷിക്ക് ഭൂപരിധിയില്ലാതെയും മറ്റു വിളകൾക്ക് 2 ഹെക്ടർ വരെയും ജലസേചനത്തിനായി സൗജന്യ വൈദ്യുതി അനുവദിച്ചുവരുന്നു. 2016-17 വർഷം 3443 ലക്ഷം രൂപ ഇതിലേക്കായി അനുവദിക്കുകയുണ്ടായി.<br><br>**8. ദേശീയ ഭക്ഷ്യ സുരക്ഷ പദ്ധതി (എൻ.എഫ്.എസ്.എം)-**<br>ദേശീയ ഭക്ഷ്യ സുരക്ഷ പദ്ധതി പാലക്കാട് ജില്ലയിൽ നടപ്പിലാക്കുന്നതിനായി 243 ലക്ഷം രൂപ അനുവദിക്കുന്നതിനായി കേന്ദ്ര സർക്കാരിന്റെ അംഗീകാരം ലഭിച്ചിട്ടുണ്ട്.<br><br>**9. ആർ .കെ.വി.വൈ പദ്ധതി** പ്രകാരം ഹെക്ടറിന് 7500/- രൂപ നിരക്കിൽ |

ധനസഹായം നൽകി 2000 ഹെക്ടർ സ്ഥലത്ത് പദ്ധതി നടപ്പിലാക്കുന്നതിനായി 150 ലക്ഷം രൂപയുടെ അംഗീകാരം ലഭ്യമായിട്ടുണ്ട്.

**10. തരിശുനിലങ്ങളിൽ നെൽകൃഷി** ചെയ്യുന്നതിലേക്ക് ഒരു ഹെക്ടറിന് 30000/- രൂപ നിരക്കിൽ സഹായധനം അനുവദിക്കുന്നതിനുള്ള പദ്ധതിയും ആസൂത്രണംചെയ്തിട്ടുണ്ട്.

**II) പച്ചക്കറി**

സമഗ്ര പച്ചക്കറി വികസന പദ്ധതിയിൽ ഈ വർഷം താഴെപ്പറയുന്ന പദ്ധതി ഘടകങ്ങളാണ് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്.

**പദ്ധതി ഘടകങ്ങൾ**

1. വീട്ടുവളപ്പിൽ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുക.
2. മട്ടുപ്പാവ് കൃഷി പ്രോത്സാഹനം.
3. വിദ്യാഭ്യാസ സ്ഥാപനങ്ങൾ വഴി പച്ചക്കറി കൃഷി.
4. പച്ചക്കറികൃഷിക്കായി പരിശീലനം, ബോധവൽക്കരണം, പ്രചരണം.
5. ജില്ലാ ക്ലസ്റ്റർ വികസനം.
6. അവാർഡ് നൽകി മികച്ച കർഷകരെ പ്രോത്സാഹിപ്പിക്കൽ.
7. സൂക്ഷ്മ മൂലകങ്ങളുടെ പ്രദർശനം.
8. എ ഗ്രേഡ് ക്ലസ്റ്റർ പ്രോത്സാഹനം.
9. ബ്ലോക്ക്തല ഫെഡറേറ്റഡ് സമിതികൾ.
10. ബ്ലോക്ക്തല നഴ്സറികളുടെ വികസനം.
11. മഴമറകൾ സ്ഥാപിക്കൽ.
12. സങ്കരവിത്തിനങ്ങളുടെ പ്രദർശനത്തോട്ടം.
13. സൂക്ഷ്മ ജലസേചനവും, ജലസേചനം വഴിയുള്ള വളപ്രയോഗവും.
14. തരിശുനില കൃഷി, മാധ്യമങ്ങൾ വഴിയുള്ള വിത്തുവിതരണം.
15. എൻ.ജി.ഒ.കൾ മുഖേന വീട്ടുവളപ്പിൽ കൃഷി.
16. കേരള കാർഷിക സർവ്വകലാശാലയുടെ സേഫ്-ടു-ഈറ്റ് പ്രോജക്ട്.
17. സ്റ്റാഗേഡ് ക്ലസ്റ്റർ വികസനം.

മുകളിൽ പ്രതിപാദിച്ച പദ്ധതികൾ

| | | | |
|---|---|---|---|
| | | | നടപ്പാക്കുകവഴി അധികമായി 28404 ഹെക്ടർ കൃഷിസ്ഥലത്ത് പച്ചക്കറികൃഷി കൊണ്ടു വരുവാനും തദ്വാരാ 4.1073 ലക്ഷം മെട്രിക് ടൺ അധിക ഉൽപ്പാദനം കൈവരിക്കാനും കഴിയും. 50000 ഹെക്ടർ സ്ഥലത്ത് ജൈവ പച്ചക്കറികൃഷി നടപ്പിലാക്കാനും 52 ആഴ്ചയുള്ള പച്ചക്കറികൃഷിയുടെ പ്രത്യേക ക്രോപ്പ് കലണ്ടർ തയ്യാറാക്കാനും നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (സി) | നടപടികളുടെ സാങ്കേതിക കാലതാമസ്സങ്ങളൊഴിവാക്കി സമയബന്ധിതമായ കർമ്മപദ്ധതി നടപ്പിലാക്കി അതിന്റെ ഫലം സമൂഹത്തിന് നൽകാൻ കഴിയുമോ? | (സി) | കഴിയുന്നതാണ്. |

സെക്ഷൻ ഓഫീസർ